File No.FWLD-A1/101/2019-FWLD

9656
9/10/20

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

**സംഗ്രഹം**

കോഴിക്കോട് ഡിവിഷനിലെ താമരശ്ശേരി റെയിഞ്ചിലെ അനധികൃത മരംമുറിയുമായി ബന്ധപ്പെട്ട് ശ്രീ.പി.കെ.വിജയചന്ദ്രൻ, ഫോറസ്റ്റ് ഗാർഡ് ഫയൽ ചെയ്ത ഒ.എ.1199/13 നമ്പർ കേസിലെ 14.06.2016 ലെ വിധിന്യായം നടപ്പിലാക്കിയത് - സർക്കാർ നഷ്ടം ഈടാക്കുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.474/2019/വനം തിരുവനന്തപുരം, തീയതി, 23/11/2019

---

പരാമർശം:- (1) 31.10.2012-ലെ സ.ഉ.(സാധാ) നം.521/2012/വനം

(2) ശ്രീ.പി.കെ.വിജയചന്ദ്രൻ, ഫോറസ്റ്റ് ഗാർഡ് ഫയൽ ചെയ്ത ഒ.എ. 1199/2013-ാം നമ്പർ കേസിലെ 14.06.2016-ലെ വിധിന്യായം

(3) 15.04.2017-ലെ സ.ഉ.(സാധാ.) നം.149/17/വനം

(4) 28.11.2017-ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം)-ന്റെ ബി1-28040/1996 നമ്പർ കത്ത്

(5) 29.05.2019-ലെ FWLD-A1/09/2018-FWLD നമ്പർ നോട്ടീസ്

**ഉത്തരവ്**

കോഴിക്കോട് ഡിവിഷനിലെ താമരശ്ശേരി റെയിഞ്ചിലെ അനധികൃത മരംമുറിയുമായി ബന്ധപ്പെട്ട് ശ്രീ.പി.കെ.വിജയചന്ദ്രൻ, ഫോറസ്റ്റ് ഗാർഡിനെതിരെ ആരംഭിച്ച അച്ചടക്ക നടപടിയിൽ കെ.എസ്.ആർ.ഭാഗം III റൂൾ 3 പ്രകാരം ടിയാന്റെ ഡിസിആർജിയിൽ നിന്നും 18,000/- രൂപ ഈടാക്കുന്നതിനും പ്രതിമാസ പെൻഷനിൽ നിന്നും 50/- രൂപ 2 വർഷത്തേയ്ക്ക് ഈടാക്കുന്നതിനും പരാമർശം (1) പ്രകാരം ഉത്തരവായി.

2) പ്രസ്തുത നടപടിക്കെതിരെ ശ്രീ.പി.കെ.വിജയചന്ദ്രൻ ഫയൽ ചെയ്ത ഒ.എ. 1199/2013-ലെ പരാമർശം ( 2 ) പ്രകാരമുള്ള അന്തിമ ഉത്തരവ് പ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പരാമർശം ( 1 ) റദ്ദ് ചെയ്യുകയും ശ്രീ.പി.കെ.വിജയചന്ദ്രനെ, ടിയാൻ സമർപ്പിക്കുന്ന നിവേദനത്തിന്റെ അടിസ്ഥാനത്തിൽ നേരിൽ കേട്ട് 6 മാസത്തിനകം തീരുമാനം എടുക്കുന്നതിനും ഉത്തരവായി.

3) ട്രൈബ്യൂണൽ വിധിയുടെ അടിസ്ഥാനത്തിൽ ടിയാനെ 22.11.2016-ൽ നേരിൽ

കേൾക്കുകയും പരാമർശം (1) പ്രകാരം നൽകിയ ശിക്ഷ നിലനിർത്തിക്കൊണ്ട് പരാമർശം (3) പ്രകാരം ഉത്തരവാകുകയും ചെയ്തു.

4) എന്നാൽ 23.04.2007-ൽ തന്നെ ടിയാന്റെ ഡി.സി.ആർ.ജി വിതരണം ചെയ്തിട്ടുണ്ടെന്നും അതിനാൽ സർക്കാർ നഷ്ടമായ 18,000/- രൂപ ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കാൻ നിർവ്വാഹമില്ലായെന്നും പരാമർശം (4) പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അറിയിച്ചു.

5) സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും സർക്കാർ നഷ്ടമായ 18,000/- രൂപ ശ്രീ.പി.കെ.വിജയചന്ദ്രന്റെ ക്ഷാമാശ്വാസത്തിൽ നിന്നോ/ ക്ഷാമാശ്വാസ കുടിശ്ശികയിൽ നിന്നോ/പെൻഷൻ പരിഷ്കരണ കുടിശ്ശികയിൽ നിന്നോ ഈടാക്കുന്നതിന് തീരുമാനിച്ച് പരാമർശം (5) പ്രകാരം നോട്ടീസ് നൽകുകയും ടി നോട്ടീസിൽ നേരിൽ കേൾക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അതു കൂടി വ്യക്തമാക്കുന്നതിന് ആവശ്യപ്പെടുകയും ചെയ്തിരുന്നു.

6) മേൽ നോട്ടീസിന് ടിയാൻ 23.06.2019 തീയതിയായി കൈപ്പറ്റ് സമർപ്പിച്ചെങ്കിലും വിശദീകരണമൊന്നും സമർപ്പിച്ചിരുന്നില്ല. അച്ചടക്ക നടപടി തീർപ്പാക്കിയത് സംബന്ധിച്ച ഒരു വസ്തുതയും ഇനി പുനഃപരിശോധിക്കേണ്ട സാഹചര്യമില്ലാത്തതിനാലും നേരിൽ കേൾക്കാൻ അവസരം നൽകാൻ ടിയാൻ ആവശ്യപ്പെട്ടിട്ടില്ലാത്തതിനാലും ആനുപാതിക സർക്കാർ നഷ്ടമായ 18,000/- രൂപ (പതിനെട്ടായിരം രൂപ മാത്രം) ശ്രീ.പി.കെ.വിജയചന്ദ്രൻ, ഫോറസ്റ്റ് ഗാർഡ് (റിട്ട.)-ന്റെ ക്ഷാമാശ്വാസത്തിൽ നിന്നോ/ ക്ഷാമാശ്വാസ കുടിശ്ശികയിൽ നിന്നോ/പെൻഷൻ പരിഷ്കരണ കുടിശ്ശികയിൽ നിന്നോ ഈടാക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷീല എം
അണ്ടർ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.പി.കെ.വിജയചന്ദ്രൻ, ഫോറസ്റ്റ് ഗാർഡ് (റിട്ടയേർഡ്)

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം.

ഡയറക്ടർ,ട്രഷറി വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

വനം വന്യജീവി (പി.എസ്.) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by BIJI K
Date: 2019.11.23 17:54:32 IST
Reason: Approved
സെക്ഷൻ ഓഫീസർ